**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3562** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഫാം തൊഴിലാളികൾക്ക് കെ.എസ്.ആർ. ചട്ടം പൂർണ്ണമായും ബാധകമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഫാം തൊഴിലാളികൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ പൂർണ്ണമായും ബാധകമാണോ; അല്ലെങ്കിൽ മറ്റ് ഏത് ചട്ടങ്ങളാണ് ബാധകമെന്ന് അറിയിക്കാമോ; | (എ) | അല്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കു അനുസൃതമായാണ് ഫാം തൊഴിലാളികളുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ തീരുമാനിക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ ഫാം തൊഴിലാളികൾക്ക് കെ.എസ്.ആർ. ചട്ടങ്ങൾ പൂർണ്ണമായും ബാധകമാക്കുന്നതിനുള്ള തടസ്സങ്ങളെന്തെല്ലാം എന്ന് അറിയിക്കാമോ; | (ബി) | കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിലെ തൊഴിലാളികളുടെ ലീവ് റൂൾ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ കാലാകാലങ്ങളിൽ സമിതിയെ നിയോഗിച്ച് ഉത്തരവാകാറുണ്ട്. ടി സമിതി സമർപ്പിക്കുന്ന ശുപാർശകൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സർക്കാർ പരിഷ്കരിക്കുന്നത്. നിലവിൽ ഫാം തൊഴിലാളികൾക്ക് കെ.എസ്.ആർ. ചട്ടങ്ങൾ പൂർണ്ണമായും ബാധകമാക്കുന്നതിനുള്ള ശിപാർശകൾ സമിതി മുഖേന സമർപ്പിച്ചിട്ടില്ലാത്തതും ആയത് പരിശോധിച്ചിട്ടില്ലാത്തതുമാണ്. |
| (സി) | ഫാം തൊഴിലാളികൾക്ക് സ്പെഷ്യൽ കാഷ്വൽ അവധികൾ അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ? | (സി) | സ.ഉ.(സാധാ)നം. 647/2023/കൃഷി തീയതി 04/07/2023 പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങൾ മൂലമുണ്ടാകുന്ന അവശതയ്ക്ക മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും, ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്ന് മേലധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പരമാവധി 15 ദിവസം വരെ ശമ്പളത്തോടുകൂടിയ പ്രത്യേക അവശത അവധി അനുവദിക്കുന്നുണ്ട്. കൂടാതെ കാൻസർ ചികിത്സയോടനുബന്ധിച്ച് കീമോ തെറാപ്പിക്കും റേഡിയേഷനും വിധേയരാകുന്ന സ്ഥിരം തൊഴിലാളികൾക്ക് 6 മാസത്തെ സ്പെഷ്യൽ ലീവ് അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ